**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 50** **07-06-2021 - ൽ മറുപടിയ്ക്ക്**

**പ്രവാസികൾക്കായി പ്രത്യേക പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ . എൻ . ഷംസുദീൻ ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ . മഞ്ഞളാംകുഴി അലി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കോവിഡ് ബാധയെ തുടർന്ന് സംസ്ഥാനത്ത് തിരിച്ചെത്തിയ പ്രവാസികൾക്കായി പ്രത്യേക പാക്കേജ് ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | കോവിഡ് ബാധയെ തുടർന്ന് സംസ്ഥാനത്ത് തിരിച്ചെത്തിയ പ്രവാസികൾക്കായി പ്രത്യേക പാക്കേജ് ആവിഷ്കരിച്ച് വരുന്നു. കോവിഡ് 19 - ന്റെ വ്യാപനത്തിൽ തിരികെയെത്തിയ പ്രവാസികളുടെ പുനരധിവാസത്തിനും കേരളത്തിന്റെ സമഗ്ര വികസനത്തിനുമായി ക്രിയാത്മക നിർദ്ദേശങ്ങൾ പൊതുജനങ്ങളിൽ നിന്നു തേടുന്നതിനും സർക്കാർ പദ്ധതി ആരംഭിച്ചിട്ടുണ്ട്. പൊതുജനങ്ങളിൽ നിന്നും ലഭ്യമായ ആശയങ്ങളും പദ്ധതികളും ഇതിന്റെ ഭാഗമായി രൂപികരിച്ച എക്സ്പേർട്ട് കമ്മിറ്റി പരിശോധിച്ച് വരുന്നു. തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയ പ്രവാസികളെയും തൊഴിൽ നൽകാൻ സന്നദ്ധരായ തൊഴിൽ ദാതാക്കളെയും പരസ്പരം ബന്ധിപ്പിക്കുന്നതിന് നോർക്ക സ്കിൽ റിപ്പോസിറ്ററി പോർട്ടൽ ആരംഭിച്ചു. തൊഴിൽ സാധ്യത ലഭ്യമാക്കാൻ ശ്രമിക്കുന്നതിനോടൊപ്പം നൈപുണ്യം മെച്ചപ്പെടുത്തി വിദേശത്ത് ലഭ്യമായ തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിലും ശ്രദ്ധ ചെലുത്തുന്നു. 2020 ജനുവരി ഒന്ന് മുതൽ 2020 മെയ് 5 വരെ വിദേശ രാജ്യങ്ങളിൽ നിന്നും valid passport, valid job visa എന്നിവയുമായി നാട്ടിൽ തിരിച്ചെത്തി ലോക്ഡൗൺ കാരണം തൊഴിലിടങ്ങളിലേക്ക് തിരികെപോകാൻ കഴിയാത്തവർക്ക് 5,000/- രൂപ വീതം അടിയന്തര ധനസഹായം നൽകിയിരുന്നു. ഇതു കൂടാതെ കോവിഡ് ബാധിച്ച പ്രവാസികൾക്ക് നോർക്ക റൂട്ട്സ് മുഖേനയും, പ്രവാസി ക്ഷേമനിധി ബോർഡിന്റെ അംഗത്വമുള്ളവർക്ക് പ്രവാസി ക്ഷേമനിധി ബോർഡ് മുഖേനയും 10,000/- രൂപ വീതം ധനസഹായം അനുവദിച്ചിരുന്നു. |
| (ബി) | അവരുടെ പുനരധിവാസത്തിനായി ഇതിനകം | (ബി) | കോവിഡ് ബാധയെ തുടർന്ന് സംസ്ഥാനത്ത് |

| | | | |
|---|---|---|---|
| | സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | | തിരിച്ചെത്തിയ പ്രവാസികൾക്കായി പ്രത്യേക പാക്കേജ് ആവിഷ്കരിച്ചു വരുന്നു. കോവിഡ് 19 - ന്റെ വ്യാപനത്തിൽ തിരികെയെത്തിയ പ്രവാസികളുടെ പുനരധിവാസത്തിനും കേരളത്തിന്റെ സമഗ്ര വികസനത്തിനുമായി ക്രിയാത്മക നിർദ്ദേശങ്ങൾ പൊതുജനങ്ങളിൽ നിന്നു തേടുന്നതിനും സർക്കാർ പദ്ധതി ആരംഭിച്ചിട്ടുണ്ട്. പൊതുജനങ്ങളിൽ നിന്നും ലഭ്യമായ ആശയങ്ങളും പദ്ധതികളും ഇതിന്റെ ഭാഗമായി രൂപികരിച്ച എക്സ്പേർട്ട് കമ്മിറ്റി പരിശോധിച്ച് വരുന്നു. തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയ പ്രവാസികളെയും തൊഴിൽ നൽകാൻ സന്നദ്ധരായ തൊഴിൽ ദാതാക്കളെയും പരസ്പരം ബന്ധിപ്പിക്കുന്നതിന് നോർക്ക സ്കിൽ റിപ്പോസിറ്ററി പോർട്ടൽ ആരംഭിച്ചു. തൊഴിൽ സാധ്യത ലഭ്യമാക്കാൻ ശ്രമിക്കുന്നതിനോടൊപ്പം നൈപുണ്യം മെച്ചപ്പെടുത്തി വിദേശത്ത് ലഭ്യമായ തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിലും ശ്രദ്ധ ചെലുത്തുന്നു. 2020 ജനുവരി ഒന്ന് മുതൽ 2020 മെയ് 5 വരെ വിദേശ രാജ്യങ്ങളിൽ നിന്നും valid passport, valid job visa എന്നിവയുമായി നാട്ടിൽ തിരിച്ചെത്തി ലോക്ഡൗൺ കാരണം തൊഴിലിടങ്ങളിലേക്ക് തിരികെപോകാൻ കഴിയാത്തവർക്ക് 5,000/- രൂപ വീതം അടിയന്തര ധനസഹായം നൽകിയിരുന്നു. ഇതു കൂടാതെ കോവിഡ് ബാധിച്ച പ്രവാസികൾക്ക് നോർക്ക റൂട്ട്സ് മുഖേനയും, പ്രവാസി ക്ഷേമനിധി ബോർഡിന്റെ അംഗത്വമുള്ളവർക്ക് പ്രവാസി ക്ഷേമനിധി ബോർഡ് മുഖേനയും 10,000/- രൂപ വീതം ധനസഹായം അനുവദിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ